15-06-2007
Vol-1,N0:10

*Kerala Catholic Bishops Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

# ജാഗ്രത

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## പ്രധാനവാർത്തകൾ

01. പ്രവേശനത്തിനു പണം വാങ്ങിയാൽ തിരികെ കൊടുപ്പിക്കും: കർദ്ദിനാൾ വിതയത്തിൽ.
02. സാമൂഹിക പ്രതിബദ്ധതയിൽ കത്തോലിക്കാ സഭ ഒരുപടി മുന്നിൽ തന്നെ.
03. സ്വാശ്രയ എൻജിനീയറിങ്ങ് പ്രവേശനം മാനേജ്മെന്റ് തീരുമാനപ്രകാരം: കോടതി
04. 2007 ജൂൺ 6,7 തീയതികളിൽ കേരള കത്തോലിക്കാസഭയുടെ ആസ്ഥാനമായ പി. ഒ. സി.യിൽ നടന്ന കത്തോലിക്കാ മെത്രാന്മാരുടെ സമ്മേളനത്തിലെ പ്രധാന തീരുമാനങ്ങൾ
05. ഇന്ത്യയിൽ മൂന്നു കോടിയോളം പേർ മാനസിക, ശാരീരിക വെല്ലുവിളികളെ നേരിടുന്നു.
06. വൈദികർക്കെതിരായ ക്രിമിനൽക്കേസ് ഒഴിവാക്കും

### 01. പ്രവേശനത്തിനു പണം വാങ്ങിയാൽ തിരികെ കൊടുപ്പിക്കും: കർദ്ദിനാൾ വിതയത്തിൽ.

അധ്യാപക നിയമനത്തിനും വിദ്യാർത്ഥി പ്രവേശനത്തിനും യാതൊരു പണമിടപാടും നടത്തരുതെന്ന് സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിയത്തിൽ. കലൂർ റിന്യൂവൽ സെന്ററിൽ നടന്ന എറണാകുളം അങ്കമാലി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അതിരൂപതയുടേതു മാത്രമല്ല, സന്യാസ സമൂഹങ്ങളുടെ മാനേജ്മെന്റുകൾ നടത്തുന്ന സ്ഥാപനങ്ങളും പണം വാങ്ങാൻ പാടില്ല. വാങ്ങിയാൽ ഉടൻ തിരികെ കൊടുപ്പിക്കുമെന്നും കർദ്ദിനാൾ പറഞ്ഞു. ഇക്കാര്യങ്ങൾ നിരീക്ഷിക്കാൻ അതിരൂപതാ തലത്തിൽ റഗുലേറ്ററി കമ്മിറ്റി രൂപവത്കരിക്കുകയും ചെയ്യുമെന്ന് കർദ്ദിനാൾ പറഞ്ഞു. ബിഷപ്പുമാരായ മാർ തോമസ് ചക്യത്ത്, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് എന്നിവർ പ്രസംഗിച്ചു. കരിസ്മാറ്റിക് നവീകരണം-സാധ്യതകളും വെല്ലുവിളികളും എന്നതായിരുന്നു യോഗത്തിലെ ചർച്ചാ വിഷയം. (Deepika 10-06-2007)

### 02. സാമൂഹിക പ്രതിബദ്ധതയിൽ കത്തോലിക്കാ സഭ ഒരുപടി മുന്നിൽ തന്നെ.

മെഡിക്കൽ, എൻജിനീയറിങ് ഉൾപ്പെടെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനത്തിനുള്ള എൻട്രൻസ് പരീക്ഷ നടത്തിയ ഫലം രണ്ടാഴ്ച മുൻപ് പ്രഖ്യാപിച്ചിരുന്നു. സാധാരണഗതിയിൽ അതോടൊപ്പം കൗൺസലിനുള്ള തീയതിയും അറിയിച്ച് റാങ്ക് പ്രകാരം കുട്ടികൾക്ക് കോളേജും കോഴ്സും അനുവദിക്കാനുള്ള നടപടി തുടങ്ങേണ്ടതാണ്. എന്നാൽ പതിവു പോലെ സ്വാശ്രയ കോളേജ് പ്രവേശനത്തിൽ സർക്കാരിനും സ്വാശ്രയ മേഖലയ്ക്കും ഒത്തുതീർപ്പിൽ എത്തിച്ചേരാനാവത്തതു കൊണ്ട് എല്ലാത്തിലും അനിശ്ചിതത്വം കടന്നുകൂടിയിരിക്കുന്നു. കേന്ദ്ര ക്വോട്ടയിൽ മെഡിക്കൽ, എൻജിനീയറിങ് കോളേജുകളിൽ സീറ്റ് നൽകാനുള്ള കൗൺസലിംഗ് വൈകാതെ തുടങ്ങും. ഐഐടികളും റീജനൽ എൻജിനീയറിങ് കോളേജുകളും കേരളത്തിനു പുറത്തുള്ള സ്വകാര്യ, സ്വാശ്രയ സ്ഥാപനങ്ങളും പ്രവേശന നടപടികളുമായി മുന്നോട്ടു പോകുമ്പോഴും കേരളം തർക്കിച്ചു സമയം കളയുന്നത് ഒട്ടും ശരിയല്ല. ഇടതുമുന്നണി സർക്കാർ കൊണ്ടുവന്ന സ്വാശ്രയ നിയമത്തിന്റെ പ്രധാന വകുപ്പുകളെല്ലാം റദ്ദാക്കിയ ഹൈക്കോടതി വിധി സുപ്രീം കോടതി കൂടി ശരിവെച്ചതോടെ ഫലത്തിൽ നിയമം തന്നെ ഇല്ലാതിയിരിക്കുകയാണ്. പ്രവേശനപ്പരീക്ഷ, ഫീസ് നിർണ്ണയം എന്നിവയുടെ മേൽനോട്ടത്തിനു

സ്വാശ്രയ നിയമപ്രകാരം രൂപവൽക്കരിച്ച ജസ്റ്റിസ് പി. എ മുഹമ്മദ് കമ്മിറ്റിയുടെ പ്രധാന്യവും കഴിഞ്ഞ ദിവസം ഹൈക്കോടതി വിധിയോടെ കുറഞ്ഞിട്ടുണ്ട്. ഇതെല്ലാം വിരൽ ചൂണ്ടുന്നത് ഒന്നിലേക്കാണ്: സർക്കാരും സ്വാശ്രയ മേഖലയുടെ പ്രതിനിധികളും എത്രയുംവേഗം ചർച്ച ചെയ്തു സീറ്റ് അനുപാതത്തെപ്പറ്റി തീരുമാനമെടുക്കണം. പ്രവേശനത്തിലും സംവരണത്തിലും ഫീസിലുമുള്ള അഭിപ്രായ വ്യത്യാസങ്ങളും പരിഹരിച്ച് എത്രയും വേഗം അക്കാദമിക് വർഷം തുടങ്ങാൻ അനുവദിക്കണം.

ഈ പശ്ചാത്തലത്തിലായിരിക്കണം കേരള കാത്തലിക് ബിഷപ്സ് കൗൺസിലിന്റെ തീരുമാനത്തെ സർക്കാർ കണേണ്ടത്. സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ ഏറ്റവും കൂടുതൽ സ്ഥാപനങ്ങൾ നടത്തുന്നത് കത്തോലിക്കാ സമുദായമാണ്. കോടതി വിധികളനുസരിച്ച് സ്വാകാര്യ മാനേജ്മെന്റുകൾക്കു മുഴുവൻ സീറ്റുകളിലേക്കും കുട്ടികളെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ലഭിച്ചിരിക്കുകയാണെന്നും സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്ന നടപടികളാണ് ബിഷപ്സ് കൗൺസിൽ നിന്ന് ഉണ്ടായിരിക്കുന്നത്. സാമൂഹിക പ്രതിബദ്ധത ആണല്ലോ  ഏറ്റവും വലിയ തർക്കവിഷയമായി ഉയർന്നതും. കത്തോലിക്കാ സഭയുടെ കീഴിലുള്ള സ്വാശ്രയ സാക്ഷരതാ സ്ഥാപനങ്ങളിൽ 40% വരെ സീറ്റുകളിൽ സർക്കാർ മെറിറ്റ് ലിസ്റ്റിൽ നിന്നു മാനേജ്മെന്റ് പ്രവേശനം നൽകാമെന്നാണ് ബിഷപ്സ് കൗൺസിൽ തീരുമാനം. അതോടൊപ്പം സഭയുടെ മെഡിക്കൽ കോളേജുകളിൽ 25% സീറ്റുകളിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകാൻ പോവുകയാണ്. സർക്കാർ കോളേജുകളിൽ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൗജന്യം ഇല്ലാത്ത സാഹചര്യത്തിലാണ് ഈ തീരുമാനമെന്നു കൗൺസിൽ ചൂണ്ടിക്കാട്ടുന്നു. മെറിറ്റിൽ പ്രവേശനം നേടുന്നവർക്ക് ഫീസ് ആനുകൂല്യവും നൽകാനുള്ള സഭയുടെ തീരുമാനം കൂടി നടപ്പാക്കുന്നതോടെ സമർത്ഥരും എന്നാൽ, സാമ്പത്തിക ക്ലേശമനുഭവിക്കുന്നവരുമായ വിദ്യാർത്ഥികൾക്കും സ്വാശ്രയ മേഖലയിൽ മെഡിക്കൽ വിദ്യാഭ്യാസത്തിനുള്ള വഴി തുറക്കുകയാണ്. സംവരണത്തിന്റെ കാര്യത്തിലും ബിഷപ്സ് കൗൺസിൽ മുന്നോട്ടു തന്നെ. പട്ടികജാതി -വർഗ വിഭാഗത്തിനും ദലിത് ക്രൈസ്തവർക്കും ലത്തീൻ കത്തോലിക്കർക്കും നിശ്ചിത ശതമാനം മാറ്റിവയ്ക്കുന്നു.

സ്വാശ്രയ എൻജിനീയറിങ് കോളേജുകളിൽ ഈ വർഷം പൊതുപ്രവേശന പരീക്ഷയുടെയും പ്ലസ്ടുവിന്റെയും മാർക്ക് പരിഗണിച്ച് പ്രവേശനം നടത്താൻ മാനേജ്മെന്റുകൾക്ക് ഹൈക്കോടതി അനുമതി നൽകിയിരിക്കയാണ്. ഇതിൽ സർക്കാരിന്റെ എതിർപ്പ് യുക്തിസഹമല്ലെന്നാണ് കോടതിയുടെ നിലപാട്. പ്രവേശനപ്പരീക്ഷയിൽ ഉയർന്ന റാങ്കുകൾ നേടുന്നവരിൽ അധികം പേരും കോച്ചിങ്ങിനുള്ള സൗകര്യവും അവിടെ ഉയർന്ന ഫീസ് നൽകാൻ സാമ്പത്തിക ശേഷിയുമുള്ള നഗര, പട്ടണവാസികളാണെന്ന ആക്ഷേപം ഏറെ നാളായി ഉയരുന്നുണ്ട്. യോഗ്യത പരീക്ഷയുടെ മാർക്ക് കൂടി പരിഗണിക്കാനുള്ള സ്വാശ്രയ മാനേജ്മെന്റ് തീരുമാനം ദാരിദ്ര്യ-ഗ്രാമീണ പശ്ചാത്തലമുള്ള വിദ്യാർത്ഥികളെ സഹായിക്കും. സംസ്ഥാന സർക്കാരും ഈ വഴിക്കു തിരിയേണ്ടതല്ലേ? സി. ബി. എസ്. സി, പ്ലസ്ടു എന്നിങ്ങനെ വിവിധ പരീക്ഷകൾ പല ഏജൻസികളാണു നടത്തുന്നത്. ഈ പരീക്ഷകളിലെ മാർക്ക് തമ്മിലുള്ള പൊരുത്തക്കേടുകൾ പരിഹരിക്കാൻ വിദഗ്ധരുമായി ആലോചിച്ച് ഒരു ഫോർമുല അടുത്തവർഷം പരിഗണിക്കാവുന്നതാണ്. കോടതി വിധികൾ അനുകൂലമായിട്ടും സ്വാശ്രയ മാനേജ്മെന്റുകൾ നടത്തുന്ന വിട്ടുവീഴ്ചകളും സാമൂഹിക പ്രതിബദ്ധത നിറവേറ്റാൻ എടുത്ത നടപടികളും അതിന്റെ പൂർണ അർത്ഥത്തിൽ ഉൾക്കൊള്ളാൻ സർക്കാർ തയ്യാറാവേണ്ടതാണ്. ഇനിയിപ്പോൾ പിടിവാശിയും ഭീഷണിയും ഉപേക്ഷിക്കേണ്ടതും സർക്കാർ തന്നെ. കോടതി കയറി സമയവും പണവും നഷ്ടപ്പെടുത്തിയത് ആർക്കും ഗുണകരമായില്ല. ചർച്ചകളിലൂടെ എല്ലാ തർക്കങ്ങളും തീർത്ത് പ്രവേശന നടപടികൾ എത്രയും വേഗം പൂർത്തിയാക്കാൻ വിദ്യാഭ്യാസ മന്ത്രി എം. എ. ബേബി തന്നെ മുൻകൈയെടുക്കണം.

(Malayala Manorama 09-06-2007)

03. സ്വാശ്രയ എൻജിനീയറിങ്ങ് പ്രവേശനം മാനേജ്മെന്റ് തീരുമാനപ്രകാരം: കോടതി

സംസ്ഥാനത്തെ സ്വാശ്രയ എൻജിനീയറിങ്ങ് കോളേജുകളിൽ പൊതു പ്രവേശന പരീക്ഷ റാങ്ക് ലിസ്റ്റിൽ നിന്ന് മെറിറ്റ് മാനദണ്ഡമാക്കി പ്രവേശനം നടത്തണമെന്ന ജസ്റ്റിസ് പി. എ മുഹമ്മദ് കമ്മിറ്റിയുടെ നിർദ്ദേശം ഹൈക്കോടതി റദ്ദാക്കി. പ്രവേശനപരീക്ഷയുടെ റാങ്കിനൊപ്പം യോഗ്യത്യാപരീക്ഷയുടെ മാർക്ക് കൂടി പരിഗണിച്ച് പ്രവേശനം നടത്താനുള്ള മാനേജ്മെന്റുകളുടെ തീരുമാനം യുക്തി സഹമാണെന്ന് ജസ്റ്റിസ് ആന്റണി ഡൊമനിക് എന്നിവരുൾപ്പെട്ട ഡിവിഷൻ ബഞ്ച് ചൂണ്ടിക്കാട്ടി. ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റി മാർച്ച് 21 ന് നൽകിയ നിർദ്ദേശം ചോദ്യം ചെയ്തു സ്വാശ്രയ എൻജിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ സെക്രട്ടറി പി. അബ്ദുൾ റഹ്മാൻ സമർപ്പിച്ച ഹർജിയിലാണ് ഡിവിഷൻ ബഞ്ചിന്റെ വിധി. സ്വാശ്രയ കോളേജുകളുടെ പ്രവേശനപ്രക്രിയ നീതിപൂർവമാണോയെന്നു  പരിശോധിക്കാൻ മാത്രമേ ജസ്റ്റിസ് പി. എ മുഹമ്മദ് കമ്മിറ്റിക്ക് അധികാരമുള്ളൂവെന്ന് ഡിവിഷൻ ബഞ്ച് വ്യക്തമാക്കി. ഹൈക്കോടതി വിധിയേ തുടർന്ന് സർക്കാരിന് പ്രാബല്യം

നൽകാൻ കഴിയാത്ത നിയമവവ്യസ്ഥയ്ക്ക് പരോക്ഷപ്രാബല്യം നൽകാൻ മുഹമ്മദ് കമ്മിറ്റിക് അധികാരമുള ളൂവെന്ന് ഡിവഷൻ ബഞ്ച് വ്യക്തമാക്കി. ഹൈക്കോടതി വിധിയേത്തുടർന്ന് സർക്കാരിന് പ്രാബല്യം നൽകാൻ കഴിയാത്ത നിയമവ്യവസ്ഥയ്ക്കു പരോക്ഷപ്രാബല്യം നൽകാൻ കഴിയാത്ത നിയമവ്യവസ്ഥയ്ക്ക് മുഹമ്മദ് കമ്മിറ്റിക് അധികാരമില്ല. യോഗ്യതാപ്പരീക്ഷയുടെ മാർക്ക് കൂടി പരിഗണിച്ച് പ്രവേശനം നടത്താൻ മാനേ ജ്മെന്റുകളെ അനുവദിക്കുന്നത് സുരക്ഷിതമല്ലെന്ന കമ്മിറ്റിയുടെ നിലപാട് ഡിവിഷൻ ബഞ്ച് അംഗീകരിച്ചില്ല. എൻ. ആർ. ഐ ക്വാട്ടയിലുള്ള 15 ശതമാനം സീറ്റുകളിലൊഴികെ ബാക്കി മുഴുവൻ സീറ്റുകളിലും മെറിറ്റ് നിർബന്ധമാക്കാൻ സർക്കാരിനും അധികാരമില്ല. (Mangalam 08-06-2007)

04. 2007 ജൂൺ 6,7 തീയതികളിൽ കേരള കത്തോലിക്കാസഭയുടെ ആസ്ഥാനമായ പി. ഒ. സി.യിൽ നടന്ന കത്തോലിക്കാ മെത്രാന്മാരുടെ സമ്മേളനത്തിലെ പ്രധാന തീരുമാനങ്ങൾ

1. **സ്വാശ്രയ സ്ഥാപനങ്ങൾ**

സ്വാശ്രയ വിദ്യാഭ്യാസരംഗത്ത് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷന്റെ നിലപാടിനോട് ചേർന്ന് കേരള കത്തോലിക്കാസഭയുടെ കീഴിലുള്ള എല്ലാ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥി പ്രവേശനം ഏറ്റവും സുതാര്യവും മെറിറ്റ് അടിസ്ഥാനത്തിൽ മാത്രവുമായിരുക്കും. പിന്നോക്ക സമുദായങ്ങൾക്ക് 5%-വും ദളിത് ക്രൈസ്തവർക്ക് 5% വരെയും ലത്തീൻ കത്തോലിക്കർക്ക് 2%-വും സീറ്റുകൾ മാറ്റിവയ്ക്കും. യോഗ്യരായ തങ്ങളുടെ കുട്ടികൾക്ക് പ്രവേശനം നൽകുന്നതോടൊപ്പം ഓരോ സ്ഥാപനത്തിന്റെയും സ്വാഭാ വവും സാഹചര്യവും അനുസരിച്ച് 40% വരെ സീറ്റുകളിൽ സർക്കാരിന്റെ മെറിറ്റ് ലിസ്റ്റിൽ നിന്നും വിദ്യാർത്ഥി കൾക്ക് പ്രവേശനം നൽകും. മെഡിക്കൽ കോളേജുകളിൽ 25% സീറ്റുകളിൽ പാവപ്പെട്ട കുട്ടികൾക്ക് സൗജ ന്യവിദ്യാഭ്യാസം മാനേജ്മെന്റുകൾ ഉറപ്പാക്കിയ നിലയ്ക്കും, ആ വിഭാഗങ്ങളെ പ്രത്യേകം പരിഗണിച്ച് പ്രവേ ശന പ്രക്രിയകളുമായി മുന്നോട്ടു പോയ സ്ഥിതിയും പാവപ്പെട്ട വിദ്യാർത്ഥികൾക്കായി സർക്കാർ കോളേജു കളിൽ ഒറ്റസീറ്റ് പോലും മാറ്റിവെച്ചിട്ടില്ലാത്തതു കൊണ്ടും മാനേജ്മെന്റുകളുടെ നിലപാടുകളിൽ മാറ്റം വരു ത്തേണ്ടതില്ല. എഞ്ചിനീയറിംഗ് കോളേജുകളിലും മെഡിക്കൽ കോളേജുകളിലും 40% വരെ സീറ്റുകളിൽ പ്രവേശനം ഓപ്പൺ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനത്തിന് യോഗ്യത നേടുകയും ചെയ്യുന്ന നിരദ്ധനരായ എല്ലാ വിദ്യാർത്ഥികൾക്കും ഫീസ് ആനുകൂല്യം നൽകി പഠിക്കാനുള്ള അവസരമുണ്ടാക്കും.

2. **ഹയർസെക്കൻഡറി സ്കൂൾപ്രവേശനം**

ഹയർസെക്കൻഡറി സ്കൂളിൽ മെറിറ്റ് സീറ്റുകളിലുള പ്രവേശനം ഏകജാലകസമ്പ്രദായത്തിലൂടെ സർക്കാരിന്റെ നിയന്ത്രണത്തിലാക്കാനുള്ള നീക്കത്തിൽ സമ്മേളനം ഉത്കണ്ഠ രേഖപ്പെടുത്തി. പഠിക്കേണ്ട സ്കൂൾ തിരഞ്ഞെടുക്കാനുള്ള വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും അവകാശത്തിന്മേലുള്ള കൈക ടത്തലാണിത്. അനാവശ്യ സ്കൂളുകളുടെ സുഗമമായ നടത്തിപ്പിനെ തടസപ്പെടുത്തതുമായ ഈ സമ്പ്രാദായം ഉപേക്ഷിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. പഞ്ചായത്ത് അധികൃതരുടെ നേതൃത്വത്തിൽ വിദ്യാലയ കൂട്ടായ്മ എന്ന പേരിൽ സമിതികൾക്ക് രൂപം നൽകി, വിദ്യാലയ നടത്തിപ്പിനുള്ള മാനേജ്മെന്റുകളുടെ അവ കാശങ്ങൾ കൈയടക്കാനുള്ള ശ്രമം ദൗർഭാഗ്യകരമാണ്. വിദഗ്ദ സമിതികൾ കൈകാര്യം ചെയ്യേണ്ട വിദ്യാ ഭ്യാസരംഗത്തെ ദൗത്യങ്ങൾ രാഷ്ട്രീയക്കാരായ പഞ്ചായത്ത് ഭാരവാഹികളെ ഏല്പിക്കുന്നതും മൗലികാവ കാശങ്ങൾ കൈയ്യേറുന്നതും അംഗീകരിക്കാനാവില്ല.

3. മുരിങ്ങൂർ ധ്യാനകേന്ദ്രം

മുരിങ്ങൂർ ധ്യാനകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ പ്രഥമ വിവര റിപ്പോർട്ട് (എകണ) പുറത്തുവന്ന സാഹചര്യത്തിൽ ധാനകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കെ. സി. ബി. സി ചർച്ച ചെയ്തു. സഭയുടെ പ്രവർത്തനങ്ങളെ മോശമായി ചിത്രീകരിക്കാൻ പലരും ഈ പ്രശ്നത്തെ ഉപയോഗിക്കുന്നതായി കെ. സി. ബി. സി വിലയിരുത്തി. സത്യം പുറത്തു വരേണ്ടതാണെന്ന് മെത്രാൻ സമിതി യിലെ അംഗങ്ങൾ അഭിപ്രായപ്പെട്ടു. ധ്യാനകേന്ദ്രത്തിലെ വിഷയം കോടതിയുടെ പരിഗണനയിലായതുകൊണ്ട് കെ. സി. ബി. സി ഇടപെടേണ്ട എന്ന അഭിപ്രായമാണ് അംഗങ്ങൾ രേഖപ്പെടുത്തിയത്. പക്ഷെ, ഡിവൈൻ ധ്യാനകേന്ദ്രം എറണാകുളം അതിരൂപതയുടെ അധികാരപരിധിയിലാണ്. അതുകൊണ്ട് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ ഇതിനെപ്പറ്റി അന്വേഷിക്കും. കരിസ്മാറ്റിക് ധ്യാസകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ

കരിസ്മാറ്റിക് കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. എറണാകുളം-അങ്കമാലി രൂപതാ സഹായമെത്രാൻ മാർ തോമസ് ചക്യാത്ത് അധ്യക്ഷനായ കമ്മീഷനിൽആലപ്പുഴ രൂപതാ മെത്രൻ ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ, ബത്തേരി രൂപതാ മെത്രാൻ ഗീവർഗീസ് മാർ ദിവന്നാസിയോസ് എന്നിവർ അംഗങ്ങളുമാണ്.

4. ക്രൈസ്തവ വിവാഹ രജിസ്ട്രേഷൻ

സുപ്രീംകോടതി വിധിപ്രകാരം വിവാഹങ്ങൾ രജിസ്റ്റർ ചെയ്യണമെന്നതിനെക്കുറിച്ച് മെത്രാൻ സമിതി ചർച്ച ചെയ്തു. ദേവാലയങ്ങളിൽ നടത്തുന്ന ക്രൈസ്തവ വിവാഹ അനന്തരം ഗവണമെന്റ് നിയമപ്രകാരം വിവാഹം ഗജിസ്റ്റർ ചെയ്യുന്നതിനുള്ള തീരുമാനത്തിന് കെ. സി. ബി. സി എതിരല്ല എന്ന് മെത്രാൻ സമിതി അഭിപ്രായപ്പെട്ടു.

5. ദൈവവചനവർഷം 2008-ൽ

2008 ഒക്ടോബറിൽ സാർവ്വത്രിക സഭയിൽ വിശുദ്ധ ഗ്രന്ഥത്തെക്കുറിച്ച് റോമിൽ സിനഡ് നടക്കുന്നതിന്റെ പശ്ചാത്തലത്തിൽ 2008 കേരള കത്തോലിക്കാസഭ ദൈവവചന വർഷമായി ആചരിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കും. രണ്ടുദിവസമായി കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയമായ പി. ഒ. സിയിൽ നടന്ന മെത്രാൻ സമ്മേളനത്തിൽ കേരളത്തിലെ 30 മെത്രാന്മാർ പങ്കെടുത്തു. കെ. സി. ബി. സി പ്രസിഡന്റും കോതമംഗലം രൂപതാമെത്രാനുമായ മാർ ജോർജ്ജ് പുന്നക്കോട്ടിൽ, കെ. സി. ബി. സി സെക്രട്ടറി ബിഷപ്പ് വർഗീസ് ചക്കാലക്കൽ എന്നിവരുടെ നേതൃത്വത്തിൽ നടന്ന സമ്മേളനത്തിൽ കേരള കത്തോലിക്കാസഭയെ ബാധിക്കുന്ന ഇരുപതോളം കാര്യങ്ങളെക്കുറിച്ച് മെത്രാൻ സമിതി ചർച്ച ചെയ്തു.

05. <u>ഇന്ത്യയിൽ മൂന്നു കോടിയോളം പേർ മാനസിക, ശാരീരിക വെല്ലുവിളികളെ നേരിടുന്നു.</u>

ഇന്ത്യയിൽ മൂന്നു കോടിയോളം പേർ അതെങ്കിലും തരത്തിലുള്ള മാനസിക, ശാരീരിക വെല്ലുവിളികളെ നേരിടുന്നുണ്ടെന്ന് നാഷണൽ ഇൻസ്റ്റ്യൂട്ട് ഓഫ് മെന്റലി ഹാനഡികാപ്ഡിന്റെ ആക്ടിങ്ങ് ഡയറക്ടർ ശൈലജ റാവു അഭിപ്രായപ്പെട്ടു. ഇവരിൽ 75% പേർ ഗ്രാമപ്രദേശങ്ങളിൽ വസിക്കുന്നവരാണ്. ഇതിൽ പകുതി പേർ അക്ഷരാഭ്യാസം നേടിയവരാണെങ്കിലും 34 ശതമാനത്തിന് മാത്രമാണ് അർഹിക്കുന്ന ജോലി ലഭിച്ചിട്ടുളളതെന്നും അവർ ചൂണ്ടിക്കാട്ടി. ഇത്തരം വെല്ലുവിളികളെ നേരിടുന്നവരുടെ പുരോഗതിക്ക് വേണ്ടിയുള്ള ദേശീയ നയം വ്യക്തമാക്കുന്നത് ഇത്തരക്കാർ രാജ്യത്തിന്റെ മാനവ വിഭവ ശേഷിയുടെ വിലപ്പെട്ട ഘടകമാണ്. (Malayla Manorama 10-06-2007)

06. <u>വൈദികർക്കെതിരായ ക്രിമിനൽക്കേസ് ഒഴിവാക്കും</u>

ഈസ്റ്റർ ദിനത്തിൽ സി. ബി. എസ്. ഇ പരീക്ഷ നടത്തുന്നിനെ പ്രതിക്ഷേതിച്ചതിന് ഇരിങ്ങാലക്കുട രൂപതയിലെ വൈദികർക്കെതിരെ എടുത്ത ക്രിമിനൽക്കേസ് ഒഴിവാക്കാൻ കേന്ദ്ര റെയിൽവേ മന്ത്രാലയം തീരുമാനിച്ചു. 2004 മാർച്ച് 27-ന് ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷനിൽ പ്രതിഷേധം നടത്തിയതിന്റെ പേരിലാണതൃശൂർ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിരുന്നത്.

ഇവിടെ നടന്ന സമരം സമാധാനപരമായിരുന്നുവെന്നും പൊതുമുതൽ നശിപ്പിക്കുകയോ ക്രമസമാധാനനില തകർക്കുകയോ ചെയ്തിട്ടില്ലെന്നും അതിനാൽ കേസ് പിൻവലിക്കണമെന്നും ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കത്തു നൽകിയിരുന്നു. കേസ് പിൻവലിക്കാൻ ആഭ്യന്തര മന്ത്രാലയവും റെയിൽവേ മന്ത്രാലയത്തോട് പിന്നീട് ആവശ്യപ്പെടുകയായിരുന്നു. എ. ഐ. സി. സി മാധ്യമ വിഭാഗം സെക്രട്ടറി ടോം വടക്കൻ, വർഗീസ് കാഞ്ഞിരപ്പള്ളി, വൈദികർ എന്നിവർ ഇക്കാര്യത്തിനായി പ്രധാനമന്ത്രിയുടെ ഓഫീസ് ചുമതലയുള്ള സഹമന്ത്രി പൃഥിരാജ് ചൗഹാൻ, കോൺഗ്രസ് അധ്യക്ഷയുടെ രാഷ്ട്രീയ കാര്യസെക്രട്ടറി അഹമ്മദ് പട്ടേൽ എന്നിവരെ നേരിൽ കണ്ട് നിവേദനം നൽകിയിരുന്നു. പോലീസിന്റെ സാന്നിധ്യത്തിൽ നടന്ന പ്രതിക്ഷേധത്തിൽ അക്രമങ്ങളൊന്നുമുണ്ടാകാത്തതിനെ തുടർന്ന് കേസൊന്നും രജിസ്റ്റർ ചെയ്തിരുന്നില്ല. പിന്നീട് സ്ഥലത്തെ ബി. ജെ. പി നേതാക്കൾ നടത്തിയ സമ്മർദ്ദത്തെ തുടർന്നായിരുന്നു സഭയിലെ 10 വൈദികർക്കെതിരെ ക്രിമിനൽ കേസെടുക്കാൻ തീരുമാനിച്ചത്. (Deepika 07-06-2007)